**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 876** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മത്സരപ്പരീക്ഷകളിൽ കുട്ടികൾക്ക് സഹായകമാവുന്ന സാഹചര്യമൊരുക്കാൻ ഉന്നതികളിൽ മികച്ച ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠന പാഠ്യേതര മേഖലകൾ മെച്ചപ്പെടുത്തുന്നതിനും യുവജനങ്ങളെ മെച്ചപ്പെട്ട തൊഴിൽ മേഖല കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനുമായി തിരഞ്ഞെടുക്കപ്പെട്ട 200 പട്ടികജാതി നഗറുകളിലെ വിജ്ഞാൻവാടികളോടനുബന്ധമായി മത്സരപരീക്ഷകൾക്ക് അപേക്ഷകൾ സമർപ്പിയ്ക്കുന്നതിനും പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനും സഹായകരമായ രീതിയിൽ ഇന്റർനെറ്റ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ അംബേദ്കർ ഗ്രാമം, ഐശ്വര്യഗ്രാമം പദ്ധതികളുടെ ഭാഗമായും ഉന്നതികളിൽ ഇന്റർനെറ്റ് connectivity ഒരുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>പട്ടിക വർഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ഉന്നതികളിൽ പ്രവർത്തിക്കുന്ന വിവിധ സാമൂഹ്യ പഠനമുറികൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ കണക്ഷൻ സ്ഥാപിച്ചിട്ടുണ്ട്. മത്സരപ്പരിക്ഷകൾക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുൾപ്പെടെ സഹായിക്കുന്നതിന് റ്റി ഇ ഒ ഓഫിസുകളിലും ജില്ലാ ഓഫിസുകളിലും സഹായി കേന്ദ്രങ്ങൾ സേവനം ലഭ്യമാക്കി ഇന്റെർനെറ്റോടു കൂടിയ സഹായി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. 4G Saturation, PMJAN MANപദ്ധതികളിൽ കണക്റ്റിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലെ പെൺകുട്ടികൾക്ക് പഠനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | പട്ടികജാതി വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് പഠനത്തിനായി വകുപ്പിനു കീഴിൽ പെൺകുട്ടികൾക്കു മാത്രമായി 4 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും, 44 പ്രീമെട്രിക് ഹോസ്റ്റലുകളും, 8 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ |

| | | | |
|---|---|---|---|
| | | | 6 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 55 ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ